28/11/21

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.416(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.9397/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

1) ശ്രീ. എം.നാഗരാജൻ,
ടി.സി.56/3201, സായി നിധി,
പണ്ടാരവിള, പാപ്പനംകോട് പി.ഒ.,
തിരുവനന്തപുരം - 695 018.
2) ശ്രീമതി ഉമാദേവി,
ടി.സി.56/3200, തിരുവാതിര,
പണ്ടാരവിള, പാപ്പനംകോട് പി.ഒ.,
തിരുവനന്തപുരം - 695 018.

} പരാതി ഹർജിക്കാർ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നേമം സോണൽ ഓഫീസ്,
തിരുവനന്തപുരം കോർപ്പറേഷൻ,
തിരുവനന്തപുരം.

} എതിർകക്ഷി

| | | |
|---|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15/06/2021 | |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03/08/2021 | |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 16/08/2021 | |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 17/08/2021 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/09/2021 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/11/2021 | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/11/2021 | വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി | |
| എതിർകക്ഷി | ഹാജരായി | |

## ഉത്തരവ്

ശ്രീ. എം. നാഗരാജൻ ശ്രീമതി ഉമാദേവി എന്നിവർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, പഞ്ചിയമ്മൻ ക്ഷേത്രം റോഡും അനുബന്ധ റോഡും ഇന്റർലോക്ക് ചെയ്തപ്പോൾ ഹർജിക്കാരുടെ വീടുകളിൽ വെള്ളം കയറുന്നതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷകൾക്ക് ശരിയായ രീതിയിലുള്ള മറുപടിയും നടപടിക്രമങ്ങളും ഇതുവരെയും കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നാണ്.

2. എതിർകക്ഷി മുമ്പാകെ 15.6.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ അപേക്ഷകർ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 21.01.2020–ൽ ഓവർസീയർ ശ്രീ. ജിഷ്ണു പരാതിക്കാസ്പദമായ സ്ഥലം സന്ദർശിച്ച് എ.ഇ.യ്ക്ക് കൊടുത്ത റിപ്പോർട്ടിന്റെ പകർപ്പ്.

ii. 05.06.2020–ൽ എ.ഇ.യും ഓവർസീയറും പ്രസ്തുത സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ്.

iii. 06.02.2021–ൽ ഓവർസീയർ സ്ഥലം പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ്.

iv. 26.02.2021–ൽ റോഡിലേക്ക് തള്ളി നിർമ്മിച്ചിട്ടുള്ള സ്ലോപ്/റാംപ് ഇവ പൊളിച്ചു നീക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു എന്നും എന്നാൽ നാളിതുവരെ അത് പൊളിച്ചു നീക്കുന്നതിനു കോർപ്പറേഷന്റെ ഭാഗത്തു നിന്നും യാതൊരുവിധ നീക്കങ്ങളും ഉണ്ടായിട്ടില്ലെന്നും എന്തുകൊണ്ടാണ് ഈ രീതിയിലുള്ള കാലതാമസം ഉണ്ടായതെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 03.08.2021 തീയതി എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നഗരസഭാ ഓവർസീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സ്ഥലപരിശോധന നടത്തിയപ്പോൾ ശ്രീ. എം. നാഗരാജൻ, എതിർകക്ഷി ശ്രീമതി ജയശ്രീ തുടങ്ങിയവരുമായി ചർച്ച നടത്തിയതിൽ 1.20 മീറ്റർ വീതിയിലുള്ള വഴിയാണിതെന്നും ഏകദേശം 30 വർഷത്തിനു മുൻപായി നിർമ്മിച്ചിട്ടുള്ള റാംപിനെ സംബന്ധിച്ചാണ് തർക്കം നിലനിൽക്കുന്നതെന്നും ഇപ്പോൾ ടൂ വീലർ സഞ്ചരിക്കുന്നുണ്ടെന്നും വഴിയുടെ വലതുഭാഗത്ത് വളവിൽ സ്ഥിതി ചെയ്യുന്ന എതിർകക്ഷിയുടെ വീട്ടിലേയ്ക്ക് കയറുന്നതിനുള്ള റാംപാണ് വിഷയമെന്നും റാംപ് കഴിഞ്ഞിട്ടുള്ള ഭാഗം വെള്ളം ഒലിച്ചു പോകുന്നതിനുള്ള ചപ്പാത്ത് പോലെയാണെന്നും നിലവിൽ റാംപിന്റെ ഒരു സൈഡും മറുഭാഗത്ത് ഭിത്തിയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റും ടി എതിർകക്ഷിയുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നിന്നും 1 അടി വീതിയിൽ വസ്തു വഴിക്കായി വിട്ടു നൽകി കട്ട് ചെയ്ത് മാറ്റേണ്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നതെന്നും വിവരാവകാശ നിയമപ്രകാരം ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്കുള്ള മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന ചോദ്യങ്ങൾ മിക്കവയും സാങ്കൽപിക

ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ, ഒരു ഉത്തരവിന്റെ സാധുത പരിശോധിച്ച് അഭിപ്രായം നൽകണമെന്ന ആവശ്യം ഭരണപരമായ നടപടി സ്വീകരിച്ച് നൽകണമെന്ന ആവശ്യം എന്നീ ഗണത്തിൽപ്പെടുന്നവയാണെന്ന് കാണുന്നു. ഇത്തരത്തിലുള്ള കാര്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നതിനാൽ റോഡിലെ റാംപ് നീക്കുന്ന കാര്യത്തിലും മറ്റും ബന്ധപ്പെട്ട അധികാരികളുമായി ബന്ധപ്പെട്ട് ഹർജിക്കാരന് പരിഹാരം തേടാവുന്നതാണ്. എന്നാൽ ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലുള്ള അവരുടെ പ്രധാന ചുമതല എന്നതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഫയലിൽ കാണുന്നില്ല എന്ന തരത്തിലുള്ള മറുപടി നിയമപരമല്ല. റിപ്പോർട്ട് ഉണ്ടായിരുന്നെങ്കിൽ ആയത് കണ്ടെത്തി കൊടുക്കേണ്ടത് എതിർകക്ഷിയുടെ ചുമതലയാണ്. അതുപോലെ തന്നെ വിവരാവകാശ നിയമപ്രകാരം മറുപടി നൽകുമ്പോൾ അപ്പീൽ കാലാവധി, അപ്പീൽ അധികാരിയുടെ വിലാസം പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേര്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകുന്നതും സമയബന്ധിതമായി മറുപടി നൽകാത്തതും വിവരാവകാശ നിയമപ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്നും വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹർജിക്കാരുടെ അപേക്ഷ ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച് ഫയലിൽ ലഭ്യമായ വിവരങ്ങൾ സൗജന്യമായി ഹർജിക്കാരന് നൽകുന്നതിനും ഹർജിക്കാരൻ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിനും എല്ലാ സൗകര്യങ്ങളും എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION ... THIRUVANANTHAPURAM

us